പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 32

# 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 32

# 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

1127/2016(i).

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 32

# 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

## 2016-2017 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചില തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്ന

ഒരു

ബിൽ

പീഠിക.—2016-2017 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചില തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്നത് ആവശ്യമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

2. 2016-2017 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും 846,07,13,000 രൂപ നൽകൽ.—2016-2017 സാമ്പത്തിക വർഷത്തിൽ വന്നുചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിനായി പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതും, മൊത്തം എണ്ണൂറ്റി നാൽപ്പത്തി ആറ് കോടി ഏഴ് ലക്ഷത്തി പതിമൂവായിരം രൂപ മാത്രം വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. ധനവിനിയോഗം.—ഈ ആക്റ്റ് പ്രകാരം കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള തുകകൾ 2016-2017 സാമ്പത്തിക വർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കുംവേണ്ടി വിനിയോഗിക്കേണ്ടതാണ്.

## പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | *കവിയാൻ പാടില്ലാത്ത തുകകൾ* | | |
| *ക്രമ നമ്പർ* | *ധനാഭ്യർത്ഥന നമ്പർ* | *സർവ്വീസുകളും ആവശ്യങ്ങളും* | | *നിയമസഭ വോട്ട് ചെയ്തത്* (₹) | *സഞ്ചിതനിധിയിന്മേൽ ചാർജ് ചെയ്തത്* (₹) | *ആകെ* (₹) |
| 1 | II | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | റവന്യൂ | 4,000 | *1,000* | 5,000 |
| 2 | III | നീതിന്യായ നിർവ്വഹണം | റവന്യൂ | 2,000 | .. | 2,000 |
| 3 | VI | ഭൂനികുതി | റവന്യൂ | 1,000 | .. | 1,000 |
| 4 | XI | ജില്ലാഭരണവും പലവകയും | റവന്യൂ | 1,28,01,000 | .. | 1,28,01,000 |
| 5 | XII | പോലീസ് | റവന്യൂ | 2,000 | .. | 2,000 |
| | | | മൂലധനം | 23,11,00,000 | .. | 23,11,00,000 |
| 6 | XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | റവന്യൂ | 2,000 | .. | 2,000 |
| 7 | XV | പൊതുമരാമത്ത് | മൂലധനം | 1,000 | *1,000* | 2,000 |
| 8 | XVI | പെൻഷനും പലവകയും | റവന്യൂ | 4,000 | .. | 4,000 |

| | | | | | | |
|---|---|---|---|---|---|---|
| 9 | XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | റവന്യൂ | 84,15,98,000 | .. | 84,15,98,000 |
| | | | മൂലധനം | 4,65,01,000 | .. | 4,65,01,000 |
| 10 | XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | റവന്യൂ | 60,59,24,000 | .. | 60,59,24,000 |
| | | | മൂലധനം | 3,000 | .. | 3,000 |
| 11 | XIX | കുടുംബക്ഷേമം | റവന്യൂ | 100,00,00,000 | .. | 100,00,00,000 |
| 12 | XX | ശുദ്ധജലവിതരണവും ശുചീകരണവും | മൂലധനം | 2,000 | .. | 2,000 |
| 13 | XXI | ഭവനനിർമ്മാണം | റവന്യൂ | 1,000 | .. | 1,000 |
| 14 | XXII | നഗരവികസനം | റവന്യൂ | 10,00,03,000 | .. | 10,00,03,000 |
| | | | മൂലധനം | 1,000 | .. | 1,000 |
| 15 | XXIII | വാർത്താവിതരണവും പ്രചരണവും | റവന്യൂ | 1,000 | .. | 1,000 |
| 16 | XXIV | തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | റവന്യൂ | 1,000 | .. | 1,000 |
| 17 | XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | റവന്യൂ | 5,000 | .. | 5,000 |
| 18 | XXVII | സഹകരണം | റവന്യൂ | 128,63,35,000 | .. | 128,63,35,000 |
| 19 | XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | റവന്യൂ | 5,00,01,000 | .. | 5,00,01,000 |

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | കവിയാൻ പാടില്ലാത്ത തുകകൾ | | |
| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | നിയമസഭ വോട്ട് ചെയ്തത് (₹) | സഞ്ചിതനിധിയിന്മേൽ ചാർജ് ചെയ്തത് (₹) | ആകെ (₹) |
| 20 | XXIX | കൃഷി | റവന്യൂ | 3,000 | .. | 3,000 |
| | | | മൂലധനം | 123,85,31,000 | .. | 123,85,31,000 |
| 21 | XXX | ഭക്ഷ്യം | റവന്യൂ | 20,00,01,000 | .. | 20,00,01,000 |
| 22 | XXXII | ക്ഷീരവികസനം | റവന്യൂ | 1,000 | .. | 1,000 |
| | | | മൂലധനം | 1,000 | .. | 1,000 |
| 23 | XXXIII | മത്സ്യബന്ധനം | റവന്യൂ | 10,00,01,000 | *4,85,000* | 10,04,86,000 |
| | | | മൂലധനം | 1,00,00,000 | .. | 1,00,00,000 |
| 24 | XXXV | പഞ്ചായത്ത് | റവന്യൂ | 5,50,01,000 | .. | 5,50,01,000 |
| 25 | XXXVI | ഗ്രാമവികസനം | റവന്യൂ | 3,000 | .. | 3,000 |
| | | | മൂലധനം | 1,000 | .. | 1,000 |
| 26 | XXXVII | വ്യവസായങ്ങൾ | റവന്യൂ | 28,00,03,000 | .. | 28,00,03,000 |
| | | | മൂലധനം | 1,000 | .. | 1,000 |
| 27 | XXXVIII | ജലസേചനം | മൂലധനം | 102,77,06,000 | *6,46,69,000* | 109,23,75,000 |
| 28 | XLI | ഗതാഗതം | മൂലധനം | 1,000 | .. | 1,000 |

| | | | | | | |
|---|---|---|---|---|---|---|
| 29 | XLII | വിനോദസഞ്ചാരം | റവന്യൂ | 1,000 | .. | 1,000 |
| | | | മൂലധനം | 3,000 | .. | 3,000 |
| 30 | XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | റവന്യൂ | 125,00,06,000 | .. | 125,00,06,000 |
| | | | മൂലധനം | 6,00,00,000 | .. | 6,00,00,000 |
| | | | ആകെ | 839,55,57,000 | *6,51,56,000* | 846,07,13,000 |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2016-2017 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിന്മേൽ ചാർജ് ചെയ്തിട്ടുള്ള സപ്ളിമെന്ററി ചെലവുകളും കേരള സർക്കാരിന്റെ ചെലവിനുവേണ്ടി നിയമസഭ അനുവദിച്ചിട്ടുള്ള ഗ്രാന്റുകളും നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചില തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യാൻ അധികാരപ്പെടുത്തുന്നതിനുവേണ്ടി ഭാരത ഭരണഘടനയുടെ 205-ാം അനുച്ഛേദവുമായി കൂട്ടിവായിച്ച പ്രകാരമുള്ള അതിലെ 204-ാം അനുച്ഛേദം (1)-ാം ഖണ്ഡമനുസരിച്ച് ഈ ബിൽ അവതരിപ്പിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്.